(സി) ഏകാംഗ കമ്മീഷന്റെ റിപ്പോർട്ടിന്റെ ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) വ്യവസായികൾ പാട്ടക്കാർ അല്ല, വാടകക്കാർ ആണ്. ഇത് സംബന്ധിച്ച് ഇറങ്ങിയിട്ടുള്ള രണ്ട് സർക്കാർ ഉത്തരവുകൾ അനുബന്ധമായി വെയ്ക്കുന്നു. † 2/96 മുതൽ അപേക്ഷിക്കുന്നവർക്ക് ജില്ലാ അധികാരി നിശ്ചയിച്ചുതരുന്ന റവന്യു വിലയ്ക്കാണ് ഭൂമി നൽകുന്നത്. റവന്യു വില സെന്റിന് താഴെ കാണിച്ച നിരക്കിലാണ്.

വ്യവസായ എസ്റ്റേറ്റ്	(രൂപ) സെന്റിന്
1. പാപ്പിനംകോട്	37,500
2. ഉദയനല്ലൂർ	15,000
3. കരുനാഗപ്പള്ളി	40,487
4. കൊല്ലക്കടവ്	18,072
5. ചേർത്തല	46,758
6. ചങ്ങനാശ്ശേരി	18,219
7. ഏറ്റുമാനൂർ	24,184
8. മുടിക്കൽ	13,980
9. പള്ളുരുത്തി	25,000
10. ഒല്ലൂർ	45,000
11. കല്ലേറുംകര	30,000
12. വെസ്റ്റ്ഹിൽ	30,000
13. കാരക്കാട്	20,000
14. ഒലവക്കോട്	15,000
15. പാലയാട്	15,000
16. മഞ്ചേരി	58,500
17. കാസർഗോഡ്	20,538

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഫലമായി ആരംഭിച്ച വ്യവസായങ്ങൾ

14 [2882] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഫലമായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്നും എത്ര കോടി രൂപയുടെ നിക്ഷേപം നടന്നുവെന്നും ഇതിന്റെ ഫലമായി എത്ര പേർക്ക് ഇതിനകം തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമെന്നും എത്ര കോടി രൂപയുടെ നിക്ഷേപം നടക്കുമെന്നും എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നുമാണ് സർക്കാർ വാഗ്ദാനം ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായങ്ങൾ പ്രതീക്ഷയ്ക്കൊത്ത് വരാത്തതിനും നിക്ഷേപങ്ങളും തൊഴിലവസരങ്ങളും ഗണ്യമായി കുറഞ്ഞതിനും ഉള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെങ്കിലും സംഘടനകളുടെയോ, തൊഴിലാളികളുടെയോ എതിർപ്പുമൂലം ഏതെങ്കിലും നിക്ഷേപ സാഹചര്യം നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം നഷ്ടപ്പെട്ട സംരംഭങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 11.159.45 കോടി രൂപ മുതൽ മുടക്ക് വരുന്ന 96 പദ്ധതികൾക്കാണ് ജിമ്മിൽ ധാരണാപത്രം ഒപ്പുവെച്ചത്. എത്ര സംരംഭങ്ങൾ ആരംഭിക്കും എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന വാഗ്ദാനം സർക്കാർ നൽകിയിരുന്നില്ല.

(സി, ഡി) പ്രതീക്ഷയ്ക്കൊത്ത് നിക്ഷേപവും തൊഴിൽ അവസരങ്ങളും വന്നില്ല എന്ന അഭിപ്രായം സർക്കാരിനില്ല. ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റിന്റെ ഫലമായി കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാണെന്ന ധാരണ സംരംഭകർക്കിടയിൽ സൃഷ്ടിക്കുവാനും അതുവഴി സംരംഭകരെ ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. വിദേശ നിക്ഷേപകരുൾപ്പെടെ പല കമ്പനികളുടെയും ശ്രദ്ധാകേന്ദ്രമായി സംസ്ഥാനം മാറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ സംസ്ഥാനത്ത് ഇടയ്ക്കിടെ ഉണ്ടാകുന്ന അക്രമസമരങ്ങളും പണിമുടക്കുകളും നിക്ഷേപ സാദ്ധ്യതകളെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമാണ്.

കിൻഫ്രായുടെ ഇൻഫോ പാർക്കിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ

15 [2883] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് ഡി.ഐ.സി.യുമായി സംസ്ഥാന ഗവൺമെന്റ് ഉണ്ടാക്കുന്ന കരാറിൽ കൈമാറാൻ ഉദ്ദേശിക്കുന്ന കിൻഫ്രായുടെ ഇൻഫോ പാർക്കിൽ ഇപ്പോൾ ഏതൊക്കെ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ യൂണിറ്റുകളിൽ ജോലി ചെയ്യുന്നവർ എത്ര വീതം ഉണ്ട്;

(സി) കിൻഫ്രായുടെ പാർക്കിൽ സ്വന്തമായി ഐ.ടി.പാർക്കുകൾ, ഗാർമെന്റ് യൂണിറ്റുകൾ തുടങ്ങിയ വ്യവസായ യൂണിറ്റുകൾ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവ ഓരോന്നിലും എത്ര പേർ വീതം ജോലി ചെയ്യുന്നുണ്ട്;

(ഡി) കൊച്ചിയിലെ കിൻഫ്രയിൽ നിന്ന് സ്ഥലം വാങ്ങിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഈ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന യൂണിറ്റുകൾ എന്തൊക്കെയാണ്;

(ഇ) ഇവിടെ പുതിയതായി വ്യവസായങ്ങൾ ഐ. ടി. പാർക്കുകൾ എന്നിവ ആരംഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ അപേക്ഷകളിൽ എടുത്തിട്ടുള്ള തീരുമാനം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly